"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല- തളിക്കുളം ഗ്രാമപഞ്ചായത്ത് - തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1507/2025/LSGD തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-
1. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2024 ലെ കത്ത് (SRG 967/24 -CC/453/24)
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ലെ യോഗ തീരുമാനം 4.26

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്ത് 2023-24 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പ്രോജക്ട് ഏറ്റെടുത്തിരുന്നു.

| | | |
|---|---|---|
| പ്രോ.നം.215/24 | അടങ്കൽ | 8,50,000/ - രൂപ |
| | വികസന ഫണ്ട് ജനറൽ | 2,86,386/- രൂപ |
| | തനത് ഫണ്ട് | 5,63,614/- രൂപ |
| പേര്:- | തെരുവ് വിളക്ക്, ഹൈമാസ്റ്റ് ലൈറ്റ്, സോളാർ ലൈറ്റ് പരിപാലനം | |

ടി പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുകയും ടി പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്ക് പരിപാലനത്തിനായി സർക്യൂട്ട് ടെക്നോളജി, കുടുംബശ്രീ പെരിഞ്ഞനം എന്ന സ്ഥാപനവുമായി 24.03.2022 ന് കരാറിലേർപ്പെട്ട് ടി ഏജൻസി മെയിന്റനൻസ് നടത്തിവരികയായിരുന്നു. ടി ഏജൻസിയുടെ കരാർ കാലാവധി 31.03.2023 ന് അവസാനിച്ചുവെങ്കിലും കരാർ പുതുക്കിയത് 2024 നവംബർ മാസമായതിനാൽ 01.01.2023 മുതൽ 2024 നവംബർ വരെ ഇതേ ഏജൻസി മുഖേന തെരുവ് വിളക്ക് മെയിന്റനൻസ് നടത്തി വന്നിരുന്നു. എന്നാൽ കരാർ പുതുക്കിയത് 2024 നവംബറിലായതിനാൽ കരാർ നിലവിലില്ലാത്ത കാലയളവിൽ മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുകയായ 4,96,200/- രൂപ ഈ സ്ഥാപനത്തിന് അനുവദിച്ച് നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ലെ യോഗത്തിൽ ചർച്ച ചെയ്യുകയും പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനം നടത്തി വന്ന സർക്യൂട്ട് ടെക്നോളജി, കുടുംബശ്രീ പെരിഞ്ഞനം എന്ന സ്ഥാപനം

കരാർ നിലവിലില്ലാത്ത കാലയളവിൽ മെയിന്റനൻസ് നടത്തിയതിന്റെ ബിൽ തുകയായ 4,96,200/- (നാല് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത സ്ഥാപനത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 19-06-2025 15:53:42

സെക്ഷൻ ഓഫീസർ

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
3. സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി3/227/2025/എൽ.എസ്.ജി.ഡി)